# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 521 — **02.07.2014 -ൽ മറുപടിയ്ക്ക്**

## ഭൂഗർഭ ജലചൂഷണം തടയുന്നതിന് നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>,, ജോസഫ് വാഴക്കൻ<br>,, വി.ഡി. സതീശൻ<br>,, സി.പി. മുഹമ്മദ് | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) ഭൂഗർഭ ജല ചൂഷണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | എ) സംസ്ഥാനത്ത് ഭൂജല ചൂഷണം തടയാനായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 ൽ സംസ്ഥാനത്ത് നടപ്പിലാക്കി യിട്ടുണ്ട്. പ്രസ്തുത ആക്റ്റിലൂടെ രൂപീകൃതമായ കേരള സംസ്ഥാന ഭൂജല അതോറിറ്റിയിൽ നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് സംസ്ഥാന ത്തെ ഭൂജല ചൂഷണം തടയുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കർശനമായ നിയന്ത്രണ ങ്ങളും പൊതുകുടിവെള്ള സ്രോതസ്സു കളുടെ സംരക്ഷണവും മറ്റും പ്രസ്തുത ആക്റ്റിനാൽ നടപ്പിലാക്കി വരുന്നു. |
| ബി) ഇതിനായി നിയമനിർമ്മാണംനടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | ബി) കേരള സംസ്ഥാനത്ത് ഭൂജലം സംരക്ഷി ക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ നിയന്ത്രിക്കുന്ന തിനും വ്യവസ്ഥ ചെയ്യുന്ന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് സംസ്ഥാനത്ത് 2002 ൽ നിലവിൽ വന്നിട്ടുണ്ട്. |

| | |
|---|---|
| സി) ഭൂഗർഭ ജല ചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | സി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ക്രമമായ ഉപഭോഗത്തിനും അതിന്റെ ചൂഷണം തടയുന്നതിനും ഉതകുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റാണ് കേരളത്തിൽ നിലവിലുള്ളത്. ഉപഭോഗം നിയന്ത്രിക്കുന്നതിനൊപ്പം പൊതുസ്രോതസ്സുകളുടെ സംരക്ഷണവും ആക്റ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | ഡി) കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് കേരളത്തിൽ 2002 ൽ തന്നെ നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ